മധുരമായ കുട്ടികളെ, നിങ്ങള്ക്ക് പുരുഷാര്ത്ഥം ചെയ്ത് എയര്കണ്ടീഷന് ടിക്കറ്റ് എടുക്കണം. എയര്കണ്ടീഷന് ടിക്കറ്റ് നേടുക അര്ത്ഥം മായയുടെ ചൂടുകാറ്റ് അഥവാ ആക്രമണത്തില് നിന്ന് സുരക്ഷിതരായിരിക്കുക.

ചോദ്യം :- നിങ്ങള് കുട്ടികള്ക്ക് മഹാവിനാശത്തില് ദു:ഖം ഉണ്ടാകുമോ, അതോ ഇല്ലേ? ഈ വിനാശത്തിന്റെ പാപം ആരില് ചുമത്തപ്പെടും?.

ഉത്തരം :- നിങ്ങള് കുട്ടികള്ക്ക് ഈ മഹാവിനാശസമയത്ത് ദു:ഖം ഉണ്ടാവുകയില്ല. എന്തുകൊണ്ടെന്നാല് നിങ്ങള് ആസമയത്ത് ഫരിസ്ത ആയി മാറും. നിങ്ങള്ക്ക് അറിവുണ്ട്, ഇപ്പോള് എല്ലാ ആത്മാക്കള്ക്കും കൊതുകിന് കൂട്ടത്തെപ്പോലെ തിരിച്ച് വീട്ടിലേക്ക പോകണം. നിങ്ങള്ക്ക് ആരുടെയും മരണത്തില് ദു:ഖം ഉണ്ടാകുകയില്ല. എന്തുകൊണ്ടെന്നാല് നിങ്ങള് സാക്ഷിയായി ഇരുന്ന് എല്ലാം കണ്ടുകൊണ്ടിരിക്കും. നിങ്ങള്ക്കറിയാം ആത്മാവ് അവിനാശിയാണ്. ഈ മഹാവിനാശത്തിന്റെ പാപഭാരം ആര്ക്കും ഉണ്ടാകില്ല, ഇത് യുദ്ധമാകുന്ന യജ്ഞം രചിച്ചിരിക്കുന്നതുപോലെയാണ്. എല്ലാവരും യുദ്ധം ചെയ്ത് മരണം വരിച്ച് തിരിച്ച് വീട്ടിലേക്ക് പോവും. ഇതും ഡ്രാമയില് നിശ്ചിതമാണ്.

ഗീതം :- സഭയില് ജ്വലിച്ചുയര്ന്നുവന്ന പ്രകാശം....

ഓം ശാന്തി. കുട്ടികള് പാട്ടിന്റെ ഒരുവരി കേട്ടില്ലേ? ഈ രാജധാനി ആരുടേതാണ്? ജ്ഞാനസാഗരന്റേതാണ്. ഇതിനെയാണ് പിന്നീട് മനുഷ്യര് ഇന്ദ്രപുരി എന്നുപറയുന്നത്-ഇന്ദ്രസഭ. ഇന്ദ്രദേവന് മഴപെയ്യിക്കുന്നു വെന്നാണ് കൂടുതല് പേരും മനസ്സിലാക്കിയിരിക്കുന്നത്. എന്നാല് നിങ്ങള് കുട്ടികള്ക്കറിയാം ഇത് ജ്ഞാനസാഗരനായ പരംപിതാ പരമാത്മാവിന്റെ സഭയാണ് ഇതില് ഈയാംപാറ്റകളാണ് ഇരിക്കുന്നത്. ജീവിച്ചിരിക്കെതന്നെ ബാബയുടേതായി മാറുവാന് അര്ത്ഥം ഈ ലോകത്തില് നിന്നും മരിക്കുന്നതിനുവേണ്ടി എന്തുകൊണ്ടെന്നാല് ജീവാത്മാക്കള്ക്ക് ഈ പഴയ ലോകത്തോട് ഇഷ്ടമില്ലാതായി. ഇവിടെ എല്ലാവരും തമ്മില് തമ്മില് കലഹിച്ചുകൊണ്ടിരിക്കുകയാണ്. ബാബ പറയുകയാണ് ഞാന് സ്വര്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. എന്നാല് കുട്ടികളിലും നമ്പര്വാറാണ്. ചിലര് പുഷ്യരാഗപരി, ചിലര് നീലാംബരിയാണ്. പേരുകള് പലവിധത്തിലാണ്. ഇത് താരതമ്യപ്പെടുത്തിയതാണ്. ചില കുട്ടികള് നല്ല വിവേകശാലികളായി മാറി മറ്റുള്ളവരേയും സേവനകാര്യത്തില് പങ്കെടുപ്പിക്കാറുണ്ട്. സേവനകാര്യത്തില് താല്പര്യമുള്ളവര് ആരായിരിക്കും? രാമനില് പൂര്ണ്ണമായും അര്പ്പണം ചെയ്തവര്. ഇത് വളരെ വലിയ രാജധാനിയാണ്. നിങ്ങള് കുട്ടികള്ക്കറിയാം ബാബ ആത്മാക്കളുടെ രാജധാനിയില് വന്നിരിക്കുകയാണ്. എന്നാല് ഈ കാര്യം ശരിയായ രീതിയില് ആരാണോ മനസ്സിലാക്കിയിരിക്കുന്നത് അവര് ഇവിടെ സന്മുഖത്ത് പ്രാക്ടിക്കലായി ഇരിക്കുന്നു. ഈ സമയത്ത് ഈ കാര്യം കോടിയില് ചിലര്ക്കുമാത്രമേ അറിയൂ. അവര് സമര്പ്പണമായി മാറി ബാബയുടേതായിത്തീരുന്നു.

ഇത് മനസ്സിലാക്കിത്തന്നു- ഇതുതന്നെയാണ് ജീവിച്ചിരിക്കെ മരിക്കുക എന്നു പറയുന്നത്. ബാബാ, ഞാന് അങ്ങയുടേതാണ്. ഞങ്ങളെല്ലാവരും ആദ്യം അങ്ങയുടെ കൂടെ അശരീരിയായി ഇരുന്നവരാണ് പിന്നീട് ഈ ഭൂമിയില് വന്ന് ശരീരം സ്വീകരിക്കുന്നു. കുട്ടികള്ക്ക് ലഭിക്കുന്ന ജ്ഞാനം ഇത് മറ്റുള്ള ആര്ക്കും നല് കുവാന് കഴിയുകയില്ല, എന്തുകൊണ്ടെന്നാല് മറ്റുള്ളവര് ബാബയെ അറിയാത്തവരാണ്. നിങ്ങള് കുട്ടികളെ പരംപിതാ പരമാത്മ വന്ന് പഠിപ്പിക്കുകയാണ്. പാടാറുമുണ്ട് എല്ലാ വേദങ്ങളും ശാസ്ത്രങ്ങളും ഗീതയുടെ ഇലകളാണ്. സര്വ്വ മാനവകുലവും ഈ നാടകസ്റ്റേജില് ഏതിന്റെ ഇലകളാണ്? ഈ ദേവീ ദേവതാ ധര്മ്മത്തി നിന്നു തന്നെയാണ് എല്ലാം ഉണ്ടായത്, ഇതിനാലാണ് കല്പവൃഷത്തിന്റെ ചിത്രത്തില് തുടക്കത്തില് ഇലകള് ഇല്ലാത്തത്. ഇലകള് പിന്നീടാണ് ഉണ്ടായത്. വൃക്ഷത്തിന്റെ ഇലകള് മുകളിലായാണ് കാണിച്ചിരിക്കുന്നത്. അടിത്തറ ദേവീ ദേവതാ ധര്മ്മത്തിന്റെതാണ്. ആദ്യം ഒറ്റത്തടിയാണുണ്ടായിരുന്നത്. പിന്നീട് അതില് നിന്നും ശാഖോപശാഖകള് ഉണ്ടായി. അതിനുശേഷം ഇലകള്. ഈ വിരാടവൃക്ഷം മനുഷ്യസൃഷ്ടിയുടെ ധര്മ്മത്തിന്റെ വൃക്ഷമാണെന്നുള്ളകാര്യം നിങ്ങള് കുട്ടികളുടെ ബുദ്ധിയില് ഉണ്ട്. എന്നാല് ഇന്നത്തെ ഗണ്മെന്റ് ഈ ധര്മ്മത്തെ മാനിക്കുന്നില്ല. നമ്മള് എല്ലാവരും പരസ്പരം ഒരുമിച്ചു കഴിയാന് പറ്റുമെന്നാണ് പറയുന്നത്. എന്നാല് തമ്മില് തമ്മില് എത്ര പ്രശ്നങ്ങളാണ്

ഉണ്ടാക്കുന്നത്. പരസ്പരം യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. യുദ്ധത്തിന്റെ യജ്ഞം തന്നെ ഉണ്ടാക്കിയതു പോലെയാണ്. എവിടെയെല്ലാമാണ് കലഹിച്ചും തമ്മിലടിച്ചും കൊണ്ടിരിക്കുന്നത്. ഇതും ഡ്രാമയില് ഉള്ളതാണ്. ഹിന്ദുസ്ഥാനും പാക്കിസ്ഥാനും ആദ്യം വെവ്വേറെ ആയിരുന്നില്ല. എല്ലാം ഒരുമിച്ചായിരുന്നു. ഗവണ്മെന്റും ഉറപ്പുള്ളതായിരുന്നു. പരസ്പരം ഒരുതരത്തിലും ലഹള ഉണ്ടാക്കാന് കഴിയുമായിരുന്നില്ല. എന്തുകൊണ്ടെന്നാല് കഴിവുള്ള നവാബുകള് ഭരണം നടത്തിയിരുന്നു, എങ്ങനെയാണോ ഇന്ന് എല്ലാരാജ്യങ്ങള്ക്കും വേണ്ടി ഐക്യരാഷ്ട്ര സഭപോലുള്ള കമ്മിറ്റികള് ഉള്ളത്. എന്നാല് ഇപ്പോള് ഇവരെ നിയന്ത്രിക്കുവാന് ആരും ഇല്ല. രണ്ടുകഷണങ്ങളായി മാറി. എവിടേയും ദു:ഖം മാത്രം, തമ്മില് തമ്മില് കൊന്നുകൊണ്ടേയിരിക്കുന്നു. ഡ്രാമ നോക്കൂ എത്ര ഗുപ്തമാണ്. തമ്മില് തമ്മില് യുദ്ധം ചെയ്യുകയാണെങ്കില് ബാബയില് പാപം ഉണ്ടാവുകയില്ല. നമ്മള് സാക്ഷിയായി കണ്ടുകൊണ്ടേ ഇരിക്കുന്നു. നിങ്ങള്ക്കറിയാം എല്ലാവരും യുദ്ധം ചെയ്ത് അവസാനിക്കുവാനുള്ളവരാണ്. ഏതെങ്കിലും മഹാനായ വ്യക്തി മരിച്ചാല് അദ്ദേഹത്തിനുവേണ്ടി 8-10 ദിവസം ഒരുപാട് പരിപാടികള് നടക്കും ഒഴിവും ഉണ്ടാകും, നിങ്ങള്ക്കുവേണ്ടി ഒന്നും ഇല്ല. നിങ്ങള് മാലാഖമാരായി മാറുകയാണ്. നിങ്ങള്ക്ക് വിനാശത്തിന്റേയും ദു:ഖം ഉണ്ടാകില്ല. ഇപ്പോള് കൊതുകിന് കൂട്ടത്തെപ്പോലെ മരിക്കും അപ്പോള് ആര് ആരെയാണ് നോക്കുക. ഈ കാര്യം നിങ്ങള് കുട്ടികള്ക്കുമാത്രമാണ് അറിയുക.

പുതിയ ലോകത്തില് ജീവിക്കുന്നവര് നല്ല ഫസ്റ്റ് ക്ലാസ് ആയിരിക്കണം. ഇവിടെ ആരെങ്കിലും മരിച്ചാല് നിങ്ങള്ക്ക് ദു:ഖം ഉണ്ടാകില്ല. നിങ്ങള് സാക്ഷിയായി നോക്കിക്കാണുന്നു. അവര് പോയി അടുത്ത ശരീരം സ്വീകരിച്ച് തന്റെ ഭാഗം അഭിനയിക്കുന്നതിനുവേണ്ടി. നിങ്ങളിലും എല്ലാവരും നിശ്ചയബുദ്ധികളല്ല. ഗൃഹസ്ഥവ്യവഹാരങ്ങളില് ഇരുന്നുകൊണ്ട് പാദം മുതല് കുടുമ വരെ ഇപ്പോള് സന്തോഷത്തിന്റെ ആ സുഖം കയറികൊണ്ടിരിക്കുകയാണ്. എന്നാല് ചിലരില് കുറവ്, ചിലരില് കൂടുതല്, ചിലരില് ചില്ലികാശിനുപോലും കയറുന്നില്ല. എങ്ങനെയാണോ ആട്ടയില് ഉപ്പ് ചേര്ക്കുന്നത,് അവരെ സംശയബുദ്ധികളെന്നേ പറയുകയുള്ളൂ. അറിയാന് കഴിയും ആര്ക്കാണ് നാരായണീലഹരികയറുന്നത് എന്നുള്ളത്. മാതാപിതാവിന്റെ സേവനമാണ് ചെയ്യുന്നത്. ഗൃഹസ്ഥവ്യവഹാരത്തില് ഇരുന്നുകൊണ്ട് സേവനം ചെയ്യാന് കഴിയുകയില്ല എന്നില്ല. അവര് മറ്റുള്ളവരെക്കാളും കൂടുതല് സേവനം ചെയ്യും മാതാപിതാവിന്റെ പേര് പ്രശസ്തമാക്കും. ഗൃഹസ്ഥവ്യവഹാരത്തില് ഇരുന്നു കൊണ്ട് താമരപുഷ്പത്തെപ്പോലെ അചഞ്ചലരും ദൃഢതയുള്ളവരുമായി ശേഷം മറ്റുള്ളവരെയും അങ്ങനെ യാക്കിതീര്ക്കുന്നു. അങ്ങനെയെങ്കില് അവരുടെ മഹിമ വളരെ കൂടുതല് ആയിരിക്കും. നിങ്ങള് ആരംഭത്തിലേ വന്നവരാണ്, ഇതും ഡ്രാമയിലുള്ളതാണ്. ഭട്ഠി തയ്യാറാക്കേണ്ടതുണ്ടായിരുന്നു. അതിലും ചിലത് പാകമാവാത്ത ഇഷ്ടികകള് ഉണ്ടായി, ചിലത് പാകപ്പെട്ടു. ഐ.സി.എസ് പരീക്ഷയില് എല്ലാവരും പാസ്സാവാറില്ലല്ലോ. എന്തുകൊണ്ടെന്നാല് ഗവണ്മെന്റിന് വളരെക്കൂടുതല് ശമ്പളം കൊടുക്കേണ്ടതായി വരും. ഇവിടേയും അങ്ങനെതന്നെയാണ്. വളരെക്കൂടുതല് സമ്പത്ത് കൊടുക്കേണ്ടതായി വരും. പ്രധാനപ്പെട്ട 8 പേര് പാസ്സാവും പിന്നീട് 108 ന്റെ മാലയുണ്ടാകും. പുരുഷാര്ത്ഥം ചെയ്ത് ഉയര്ന്ന പദവി നേടണം. റിസര്വേഷന് ചെയ്യാറില്ലേ ? ഫസ്റ്റ് ക്ലാസ്സ്, എയര് കണ്ടീഷന്. എയര് കണ്ടീഷനിലും ഒരിക്കലും ചൂടുകാറ്റ് അനുഭവപ്പെടുകയില്ല. നിങ്ങള്ക്ക് ഈ ലോകത്തിന്റെ ഒരുതരത്തിലുള്ള ചൂടുകാറ്റ് അര്ത്ഥം മായയുടെ പ്രഹരം ഉണ്ടാകില്ല ഇത്രക്ക് ശക്തിശാലിയായിരിക്കണം. 8 എണ്ണം തീര്ച്ചയായും ഒന്നാം ക്ളാസായിരിക്കും, പിന്നെ 108 ഉണ്ട്. മഹാരഥി, കുതിരപ്പട, കാലാള്പ്പട. ഓരോരുത്തര്ക്കും മനസ്സിലാക്കാന് കഴിയും നമ്മള് ഏതു ടിക്കറ്റാണ് വാങ്ങികൊണ്ടിരിക്കുന്നത്. ഓരോരുത്തര്ക്കും ടിക്കറ്റ് വാങ്ങണം. പുരുഷന്മാര്ക്ക് തന്റെ, സ്ത്രീക്ക് തന്റെ ടിക്കറ്റ് വാങ്ങുകതന്നെ വേണം. സ്ത്രീകള്ക്ക് ചാന്സ് കൂടുതലാണ്. എന്തുകൊണ്ടെന്നാല് പുരുഷന് എന്തുചെയ്താലും അതിന്റെ പകുതി ഭാഗം സ്ത്രീക്ക് ലഭിക്കും. സ്ത്രീ സമ്പാദ്യം ഉണ്ടാക്കിയാലും അവര് എന്തുകൊടുത്താലും അതിന്റെ ഭാഗം പതിക്ക് കിട്ടുന്നില്ല. എന്തുകൊണ്ടെന്നാല് പുരുഷന് രചയിതാവാണ്. പൈസ അവരുടെ കൈയിലാണ് ഉണ്ടാകുക. അവര് സമ്പാദിക്കുന്നതിന്റെ ഭാഗം സ്ത്രീക്ക് കിട്ടുന്നു. സ്വര്ഗ്ഗത്തില് രണ്ടുപേരും അധികാരികളായിരിക്കും. ഒരു കുട്ടി ഉണ്ടായിരിക്കും, സമ്പത്തും കുട്ടി നേടുന്നു. കന്യകമാരും തന്റെ ഓഹരി നിയമമനുസരിച്ച് നേടുന്നു. കല്പം മുമ്പ് ഏതുരീതിയാണോ നടന്നത് അതുതന്നെ വീണ്ടും നടക്കും. അവിടുത്തെ രീതികളെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യമില്ല. ബാബ വളരെ സാക്ഷാത്ക്കാരങ്ങള് കാണിച്ചു തന്നിരുന്നു. എങ്ങനെ രാജധാനി കൈമാറുന്നു. ഇവിടെ മാറ്റം ഉണ്ടാവുമ്പോള് ബ്രാഹ്മണരേയും, ഗുരുക്കന്മാരേയും മറ്റും വിളിക്കാറുണ്ട്. മുമ്പത്തെ രീതിയും മര്യാദകളും വളരെ നല്ലതായിരുന്നു. വാനപ്രസ്ഥ അവസ്ഥയിലെത്തുമ്പോള് കുട്ടികളെ വളരെ സ്നേഹത്തോടുകൂടി ഇനി നീ കുടുംബകാര്യങ്ങളൊക്കെ നോക്കിനടത്തൂ, എന്ന് പറഞ്ഞ് തന്റെ ഇരിപ്പിടത്തില് ഇരുത്തുന്നു . ഇപ്പോള് തീര്ത്തും വൃദ്ധനായി മാറിയാലും ഉപേക്ഷിക്കില്ല. അവിടെ കുട്ടികള്

മാതൃസ്നേഹികളായിരുന്നു. ഇന്ന് മാതൃദ്രോഹികളായി മാറിക്കഴിഞ്ഞു. അമ്മയുടെയും മുടിയ്ക്കു പിടിച്ച് വെളിയിലാക്കാറുണ്ട്. ഇതിനെയാണ് പറയുന്നത് നിന്ദാകാരി, മാതൃദ്രോഹി. സത്യയുഗത്തില് ഇങ്ങനെയുള്ള കാര്യം ഉണ്ടാകില്ല. നിങ്ങള്ക്ക് വളരെയധികം സന്തോഷം ഉണ്ടാകണം. കൂട്ടായ്മയുടെ അനുഭവം നിങ്ങള്ക്ക് ഇവിടെ അനുഭവപ്പെടും. ഈ ജ്ഞാന സാഗരന് എവിടെയാണോ ഉള്ളത് അവിടെ ആഘോഷം ഉണ്ടാകും, നദികളുടെ മേള ഉണ്ടാകാറുണ്ടല്ലോ. നിങ്ങള് നദികള് പരസ്പരം കൂടിച്ചേര്ന്ന് ജീവിക്കുന്നു. ഇതാണ് ജ്ഞാനസാഗരത്തിന്റെയും നദികളുടെയും മേള. ഇതാണ് ജഗദംബ സരസ്വതി, അവരുടെ പേരും പ്രശസ്ഥമാണ്. മമ്മയുടെ അരികിലും എത്രപേരാണ് കാണാന് വന്നിരുന്നത്. എന്തുകൊണ്ടെന്നാല് മമ്മയുടെ മുരളി വളരെ നല്ലതായിരുന്നു. കുട്ടികള്ക്ക് അനുഭവം ഉണ്ടായിരുന്നു, മമ്മയുടെ മുരളി നല്ല രീതിയില് കുട്ടികളെ ആകര്ഷിക്കുമായിരുന്നു.

ഇതാണ് സാഗരത്തിന്റേയും നദികളുടേയും സഭ. വളരെക്കൂടുതല് കുട്ടികള് വന്നുപോകുന്നുണ്ട്. ആദ്യം സമുദ്രം, പിന്നെ നദികള്, ചെറിയ നദികള്, വലിയ കനാല് മുതലായവ ഉണ്ടാകാറില്ലേ. നിങ്ങള്ക്ക് ഓരോരുത്തര്ക്കും മനസ്സിലാക്കാം നമ്മള് ചെറിയ നദിയാണോ അതോ വലിയ നദിയാണോ? വലിയ വലിയ നദികളെ വിളിക്കാറുണ്ട് വന്ന് പ്രഭാഷണം നടത്തു. അങ്ങനെയെങ്കില് അവര് കഴിവുള്ളവരാണ്. മമ്മയെ തന്നെ എത്രയാണ് വിളിച്ചിരുന്നത്. ശിവബാബയില് നിന്നു ലഭിച്ച സമ്പത്ത് വന്ന് തരു. നിങ്ങള് കുട്ടികള് പോയി ജ്ഞാനരത്നങ്ങളുടെ ദാനം ചെയ്യുന്നുണ്ടോ. ജ്ഞാനത്തിന്റെ ഓരോരോ ഭാഷ്യവും ലക്ഷക്കണക്കിന് രൂപ വിലയുള്ളതാണ്. ശാസ്ത്രങ്ങളില് ഒന്നിലും ജ്ഞാനത്തിന്റെ വില കല്പിച്ചിട്ടില്ല. അങ്ങനെ ഉണ്ടായിരുന്നെങ്കില് ഭാരതം സമ്പന്നമായി മാറില്ലായിരുന്നോ. നിങ്ങള്ക്ക് രത്നങ്ങള് കിട്ടുകയാണ് ഇതിലൂടെ നിങ്ങള് 21 ജന്മത്തേക്ക് സമ്പന്നരായിത്തീരുന്നു. ഇപ്പോള് സംഗമയുഗത്തില് നിങ്ങള് എല്ലാവരിലും വെച്ച് ഉയര്ന്നവരാണ്. പിന്നീട് സത്യ- ത്രേതായുഗത്തില് നിങ്ങളുടെ ഡിഗ്രി കുറഞ്ഞുവരുന്നു. ഇപ്പോള് നിങ്ങള് ഈശ്വരീയ ദര്ബാറിലാണ് ഇരിക്കുന്നത്. നിങ്ങള്ക്കറിയാം ബാബ 21 ജന്മത്തേക്കുള്ള സമ്പത്ത് തരുന്നയാളാണ്. ബാബയെതന്നെയാണ് എല്ലാവരും ഓര്ക്കുന്നത്. മറ്റുള്ള എല്ലാവരും തന്നെ ദു:ഖം നല്കുന്നവരാണ്. ദു:ഖം തരുന്ന സാധനങ്ങളെ എല്ലായ്പ്പോഴും മറക്കുകയാണ് ചെയ്യേണ്ടത്. അല്ലയോ ബാബാ, ഞങ്ങള്ക്ക് അങ്ങ് മാത്രമേ ഉള്ളു, മറ്റാരും തന്നെ ഇല്ല. എന്നാല് കൃഷ്ണന്റെ പേര് കേള്ക്കുമ്പോള് കൃഷ്ണനെ തന്നെ ഓര്മ്മിക്കുന്നു. നിങ്ങള് കൃഷ്ണന്റെ രാജധാനിയില് ഉണ്ടായിരുന്നവരാണ്. ബാബ ഈ കംസപുരിയെ കൃഷ്ണപുരിയായി മാറ്റുകയാണ്. ആസുരിയപുരിയില് നിന്നും പിന്നീട് ദേവികപുരി ഉണ്ടാകും. പിന്നീട് കാണിക്കാറുണ്ട്, അസുരന്മാരും ദേവതകളുടേയും യുദ്ധം ഉണ്ടായി, ദേവതകളുടെ വിജയം ഉണ്ടായി. ദേവതകള് ജീവിക്കുന്നത് സ്വര്ഗ്ഗത്തിലാണ്. വാസ്തവത്തില് നിങ്ങളുടെ യുദ്ധം 5 വികാരത്തോടാണ്. രാമായണത്തിന്റെ വളരെ പ്രാധാന്യം ഉണ്ട്. എന്തുകൊണ്ടെന്നാല് ദസറ വരുകയാണ് ഗവണ്മെന്റും ആഘോഷിക്കാറുണ്ട് രാമലീല ആഘോഷിക്കാറുണ്ട് എന്നാല് ഇതറിയുന്നില്ല രാവണന് എന്നുപറയുന്നത് എന്താണ്.

ചിലകുട്ടികള് പറയാറുണ്ട് യോഗം ചെയ്യിപ്പിക്കു, വാസ്തവത്തില് ഓര്മ്മയെന്നുള്ളത് നടക്കുമ്പോഴും കറങ്ങുമ്പോഴും ചെയ്യണം. എന്നാല് ആരാണോ മുഴുവന് ദിവസവും ഓര്മ്മിക്കാത്തത്, അവരെ യോഗത്തില് ഇരുത്താറുണ്ട്, അവിടെ ഇരിക്കുകയാണെങ്കില് കുറച്ചെങ്കിലും ഓര്മ്മ ഉണ്ടാകും. ഇങ്ങനെയും വളരെ കൂടുതലുണ്ട്. സെന്ററില് വരുമ്പോള് ഓര്മ്മയിലിരിക്കും വീട്ടിലെത്തിയാല് പിന്നെ എല്ലാം തീര്ന്നു. ഓര്മ്മിക്കുവാനുള്ള പ്രാക്ടീസ് ഇല്ല. ബുദ്ധി മറ്റു പല രീതിയിലും അലഞ്ഞുകൊണ്ടി രിക്കും. കുട്ടികള്ക്ക് മനസ്സിലാക്കി തന്നുകഴിഞ്ഞു, ആത്മാവ് നക്ഷത്രമാണ്. ഇതിനെ ബിന്ദു എന്നും പറയാറുണ്ട്. നക്ഷത്രത്തിലും ഇങ്ങനെയുള്ള കോണുകളുണ്ട്. ബിന്ദുവില് അതില്ല. ഇതുകൊണ്ടാണ് നക്ഷത്രം എന്നുപറയുന്നത്, താരതമ്യം ചെയ്യാന് വേണ്ടി. ഭാഗ്യനക്ഷത്രമെന്നുപറയാറുണ്ട്. ബിന്ദു രൂപത്തിലുള്ള ആത്മാക്കളില് ജ്ഞാനത്തിന്റെ തിളക്കമാണ്. ബിന്ദുരൂപമായ ആത്മാവില് മുഴുവന് പാര്ട്ടും അടങ്ങിയിട്ടുണ്ട്. ബാബ പറയുകയാണ് - എന്റെ ബിന്ദുരൂപത്തില് ഇങ്ങനെയുള്ള പാര്ട്ടാണ്, ഞാന് ഭക്തി കാലഘട്ടത്തില് അഭിനയിക്കുന്നു. നിങ്ങള് കുട്ടികള്ക്കുതന്നെയാണ് കൂടുതല് പാര്ട്ടുള്ളത്. എന്തുകൊണ്ടെന്നാല് നിങ്ങള് പൂര്ണ്ണമായും കാലചക്രത്തില് കറങ്ങുന്നു. അതിനാല് നിങ്ങള് ചക്രവര്ത്തി രാജാക്കന്മാരായി മാറുന്നു. ദു:ഖമായാലും സുഖമായാലും നിങ്ങള് തന്നെയാണ് നേടുന്നത്. എന്റെ പാര്ട്ട് നിങ്ങളുടെ അത്ര ഇല്ല. ഞാന് വാനപ്രസ്ഥത്തിലേക്ക് പോകുന്നു. പിന്നീട് ഭക്തിമാര്ഗ്ഗത്തില് എന്റെ സേവനം തുടങ്ങുന്നു. ഓര്മ്മിക്കുകയും ചെയ്യുന്നത് ഡ്രാമയനുസരിച്ച്. ഏതേത് ദേവതമാരുടെ പൂജചെയ്യുന്നുവോ

അവരുടെ സാക്ഷാത്കാരം ഞാന് തന്നെയാണ് കാണിച്ചുകൊടുക്കുന്നത്. ഇത് ഡ്രാമയിലുള്ള എന്റെ പാര്ട്ടാണ്.

പക്ഷെ ഭക്തര് മനസ്സിലാക്കുന്നത് അവര്ക്ക് ദേവതകളില് നിന്ന് സാക്ഷാത്കാരം കിട്ടുന്നുവെന്നാണ്. ഇവരിലും ഭഗവാനുണ്ട്, ഗണപതിയുടെ സാക്ഷാത്കാരം ഉണ്ടായാല് ഗണപതിയിലും പരമാത്മാവ് ഉണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഇതിലൂടെയാണ് പരമാത്മാവ് സര്വ്വ വ്യാപിയാണെന്നുള്ള അറിവ് ഉണ്ടായത്. നിങ്ങള് കുട്ടികള് എല്ലാവരും പറയുന്നത് ഞങ്ങള് എല്ലാവരും ബാബയെ ഓര്മ്മിക്കുന്നുവെന്ന്. അര്ത്ഥം എല്ലാവരിലും ബാബയുടെ ഓര്മ്മയുണ്ട് എന്നുള്ളതാണ്. ഇതിനേയും സര്വ്വവ്യാപിയാണ് എന്ന രീതിയില് മനസ്സിലാക്കുന്നു. ബാബ പറയുന്നു എന്റെ ഓര്മ്മയിലും എല്ലാവരും നമ്പര്വാര് പുരുഷാര്ത്ഥമനുസരിച്ചാണ് ഇരിക്കുന്നത്.എത്രത്തോളം ആര് എന്നെ ഓര്മ്മിക്കുന്നുവോ അത്രത്തോളം വികര്മ്മം വിനാശമായി തീരും. ബാക്കി ആത്മാവ് ഓരോരുത്തരിലും അവരവരുടേതാണുള്ളത്. എനിക്ക് ആരിലും പ്രവേശിച്ച് ആരുടെ വേണമെങ്കിലും മംഗളം ചെയ്യാന് കഴിയും. ഈ കാര്യത്തെ പിന്നീട് തലതിരിഞ്ഞ അര്ത്ഥമാക്കി മാറ്റി. ഇതും ഡ്രാമയിലുള്ളതാണ്. ഡ്രാമ അനുസരിച്ച് എല്ലാവര്ക്കും പാര്ട്ട് കിട്ടിയിട്ടുണ്ട്. ഈ ശാസ്ത്രങ്ങളും മറ്റും ഉണ്ടാകുവാനുള്ള പാര്ട്ടും ഡ്രാമയിലുള്ളതാണ്. അവര് തന്നെയാണ് ഉണ്ടാക്കുന്നത, ് ആരാണോ കഴിഞ്ഞ കല്പത്തിലും ഉണ്ടാക്കിയിരുന്നത്. ഗീത കേള്പ്പിക്കുന്നു, പിന്നീട് കല്പത്തിനുശേഷവും അങ്ങനെതന്നെയേ കേള്പ്പിക്കുകയുള്ളൂ. ഇപ്പോള് കുട്ടികളുടെ സഭയില് ബാബ ഇരിക്കുകയാണ്. ആര് എന്നെ തിരിച്ചറിഞ്ഞുവോ, ഞാന് അവരുടെ ഇടയിലാണ് ശോഭിക്കുന്നത്. ബാക്കി ആര് എന്നെ മനസ്സിലാക്കുന്നില്ലയോ അവരുടെ സഭയില് ഇരുന്ന് എന്തു ചെയ്യാന് കഴിയും.

നിങ്ങള് പ്രഭാഷണവും മറ്റും ചെയ്യുമ്പോള് വളരെപേര് വരാറുണ്ട്. അതിനെ നിങ്ങളുടെ സഭ എന്നുപറയില്ല. നിങ്ങളുടെ കൂടെയുള്ള സഭ ഇതാണ്. ചിലര് സമര്പ്പണമാകാറുണ്ട്, പിന്നെ ബുദ്ധിയോഗം മറ്റിടങ്ങളില് പോകാറുണ്ട്. സമ്പൂര്ണ്ണമാകുന്നത് വരെ ബുദ്ധി പോയ്കൊണ്ടിരിക്കുന്നു. കര്മ്മാതീത അവസ്ഥ, സമ്പൂര്ണ്ണനിര്വ്വികാരി അവസ്ഥ ഇപ്പോള് പറയുവാന് കഴിയില്ല, അത് അവസാനമേ ഉണ്ടാകു, അപ്പോള് ഈ പഴയ ശരീരം ഉപേക്ഷിക്കും. ഇത് പഴയതാണ്. ആത്മാവ് ഈ പഴയ കര്മ്മേന്ദ്രിയങ്ങളിലൂടെ കര്മ്മം ചെയ്യുന്നു.ശരി.

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ശിവബാബയില് നിന്നുകിട്ടിയ സമ്പത്ത് എല്ലാവര്ക്കും വിതരണം ചെയ്യണം. ഈ അവിനാശിയായ ജ്ഞാനരത്നങ്ങള് ദാനം ചെയ്ത് 21 ജന്മത്തേയ്ക്കുള്ള ഭാഗ്യശാലിയായി മാറണം.

2) തന്റെ സ്ഥിതി അചഞ്ചലവും ദൃഢതയുള്ളതുമാക്കി മാറ്റണം. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും താമരപുഷ്പത്തിനുസമാനം ഇരുന്ന് ബാബയുടെ പേര് പ്രശസ്ഥമാക്കണം. സേവനങ്ങളില് ത പരരായിരിക്കണം.

വരദാനം :- സംഗമയുഗമാകുന്ന ഈ നവയുഗത്തില് ഓരോ നിമിഷവും നവീനതയുടെ അനുഭവം ചെയ്യുന്ന തീവ്രപുരുഷാര്ത്ഥിയായി ഭവിക്കട്ടെ.

സംഗമയുഗത്തില് എല്ലാം തന്നെ പുതിയതായിരിക്കും, അതിനാല് ഇതിനെ പുതിയ യുഗമെന്നും പറയുന്നു. ഇവിടെ എഴുന്നേല്ക്കുന്നതിലും പുതുമ, സംസാരിക്കുന്നതിലും പുതുമ, നടത്തത്തിലും പുതുമയാണ്. പുതിയത് അര്ത്ഥം അലൗകികം. സ്മൃതിയില് പോലും നവീനത വന്നുപോയി. വാക്കുകളും പുതിയത്, കൂടിക്കാഴ്ചയും പുതിയത്, നോക്കുന്നതിലും പുതുമ. നോക്കുന്നത് ആത്മാവിനെ, ആത്മാവിനെ നോക്കും ശരീരത്തെയല്ല. ഭായി-ഭായി ദൃഷ്ടിയിലൂടെ സമ്പര്ക്കത്തില് വരും, ദേഹീക സംബന്ധത്തിലല്ല. അങ്ങനെ ഓരോ നിമിഷവും തന്നില് നവീനതയുടെ അനുഭവം ചെയ്യുക, ഒരു സെക്കന്റ് മുമ്പെ എന്തനുഭവമായിരുന്നുവോ അടുത്ത സെക്കന്റില് അതുപോലെയല്ല, അതിനേക്കാള് മെച്ചപ്പെട്ടതായി രിക്കണം, ഇവരെത്തന്നെയാണ് തീവ്ര പുരുഷാര്ത്ഥി എന്ന് പറയുന്നത്.

സ്ലോഗന് :- ;- പരമാത്മാ സ്നേഹത്തിലൂടെ ജീവിതത്തില് സദാ അതീന്ദ്രിയ സുഖത്തിന്റെയും ആനന്ദത്തിന്റെയും

അനുഭൂതി ചെയ്യുന്നത് തന്നെയാണ് സഹജ രാജയോഗം.